[Mr. S. Kuttan]

(ബി) ഫ്രീ ചിങ്ങം മുതൽ പ്രതിമാസം ശമ്പളവും അലവൻസും വകയിൽ എത്ര രൂപാ വീതം കൊടുത്തിട്ടുണ്ട് ?

HON'BLE MR. K. R. ELANKATH : (എ) നം ൦ രൂപ ശമ്പളവും ൯ രൂപ അലവൻസും. (വാർ അലവൻസു പ്രത്യേകം)

(ബി) ർ ൪ ൦ രൂപ ശമ്പളവും ൨-ന ഫ്രീ ർ വരെ ഒന്നാം ക്ലസ്സ് ടി. എ. യോടുകൂടി ന്ന രൂപ വു അണ അലവൻസും.

(സി) ൪ ൪ ൦ രൂപ ശമ്പളം, ൧ ൪ രൂപ അലവൻസ്, ൨ ൨ ൪ രൂപാ കാർ അലവൻസ് (ഇതു് ടി എ-ക്ക് പകരമാണ്).

സമീപകാലത്തു് വാങ്ങിയ ആസ്റ്റിൻ ബസ്സുകളുടെ വിവരങ്ങൾ.

517. MR. S. KUTTAN : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ട്രാൻസ്പോർട്ട ഡിപ്പാർട്ടമെൻറിൽനിന്നും സമീപകാല ത്തു് കുറെ ആസ്റ്റിൻ ബസ്സുകൾ വാങ്ങിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അവ എത്രയെന്നും, എന്നു വാങ്ങിയെന്നും വില എത്രയെന്നും പറയാമോ ?

(സി) അതിൽ എത്രയെണ്ണം ഇന്നു് ഉപയോഗത്തിൽ ഇരി പ്പുണ്ടു് ?

(ഡി) ബാക്കിയുള്ളവ എന്തു ചെയ്തു ?

(ഇ) തമ്പാനൂർ മൈതാനത്തു് ഇട്ടിരിക്കുന്ന ഉപയോഗശൂന്യ മായ ഈ തരം ബസ്സുകൾ നിമിത്തം ഡിപ്പാർട്ടമെൻറിനു് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ടെന്നു പറയാമോ ?

(എഫ്) ആ നഷ്ടപരിഹാരത്തിനു് എന്തെങ്കിലും മാർഗ്ഗം ആരാഞ്ഞിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : (എ) ഉണ്ടു്.

(ബി) ൨ ചേസിസ്. വാങ്ങിയതു് ൧൯൪൮ മകരത്തി ലാണു്. തിരുവനന്തപുരത്തു് എത്തിക്കുന്നതിനുൾപ്പെടെ ഉള്ള വില ൯൨൪൮ർ രൂപാ ൨൦ ചക്രം ൧൨ കാശു്.

(സി) ഏഴു്.

(ഡി) ബാക്കിയുള്ള ൫ ബസ്സുകൾ നന്നാക്കാൻവേണ്ടി ഇട്ടിരി ക്കുകയാണു്.

(ഇ) യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല.

(എഫ്) (ഇ) ഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*): ഈ ബസ്സുകൾ നന്നാക്കാതെ ഇട്ടിരിക്കുന്നതു എന്തുകൊണ്ടാണ്?

HON'BLE MR. K. R. ELANKATH: അതു നന്നാക്കുന്നതിനു് ആവശ്യമായ സ്പെയർ പാർട്ടുകൾ കിട്ടാത്തതുകൊണ്ടാണു്. ഒന്നരണ്ടു മാസത്തിനകം അതു കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

MR. T. T. KESAVAN SASTRI: ഈ ബസ്സുകളുടെ വില എന്താണെന്നു പറയാൻ മടിയുണ്ടാകുമോ?

HON'BLE MR. K. R. ELANKATH: ൈ,ാ൪ ുപാ ാ ം ചക്രം ാ കാശെന്നു് ഞാൻ നേരത്തെതന്നെ പറഞ്ഞല്ലോ.

MR. P. T. CHACKO: ഈ ാ ബസ്സുകളും വാങ്ങിയപ്പോൾ പുതിയതായിരുന്നോ?

HON'BLE MR. K. R. ELANKATH: എല്ലാം പുതിയതല്ല.

MR. K. RAMACHANDRAN: ഗവണ്മെൻറു് നേരിട്ടാണോ അതോ ഏജൻറന്മാർ മുഖാന്തിരമാണോ ഈ ബസ്സുകൾ വാങ്ങിച്ചിട്ടുള്ളതു്?

HON'BLE MR. K. R. ELANKATH: ഈ ബസ്സുകൾ വാങ്ങുന്ന കാര്യത്തിൽ ഗവണ്മെൻറു് ഏജൻസികളുമായി ഇടപാടു ചെയ്തിട്ടുണ്ടു്.

MR. KANNARA GOPALA PANICKER: ഈ ബസ്സുകൾ ഇങ്ങിനെ തുറസായ സ്ഥലത്തിട്ടതുകൊണ്ടു വളരെ നഷ്ടമുണ്ടാകുന്നില്ലേ?

HON'BLE MR. K. R. ELANKATH: അതുകൊണ്ടു് നേരത്തെ ാ ൦ ഏക്കർ സ്ഥലം എടുത്തു ഷെഡ്ഡു് കെട്ടാൻ തീരുമാനിച്ചിട്ടുള്ളതു്.

MR. P. K. KRISHNAN SASTRI: ഈ ബസ്സുകൾ ഉപയോഗിക്കത്തക്കതാണോ?

HON'BLE MR. K. R. ELANKATH: ഇപ്പോൾ ഉപയോഗിക്കാൻകൊള്ളാത്തതുകൊണ്ടാണു് അവിടെ ഇട്ടിരിക്കുന്നതു്. അതു് നന്നാക്കിയാൽ ഉപയോഗിക്കാൻ കൊള്ളാം.

MR. D. GNANASIGAMONI: Was anybody deputed to inspect the buses before they were purchased?

HON'BLE MR. K. R. ELANKATH: സാധാരണ ഇവിടെനിന്നും ആളു പോയി വാങ്ങുകയാണു് ചെയ്യുന്നതു്.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): Who inspected those buses?

HON'BLE MR. K. R. ELANKATH: ഉപയോഗത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണു് വിശ്വാസം.

DR. M. O. CHERIYAN: അതിൻെറ കാപ്പിറൽ ഇൻവെസ്റ്റുമെൻറു് ഗവണ്മെൻറിനു് നഷ്ടമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അല്ല.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): ഫ്ലവർ വാങ്ങിയിട്ട് ഇതുവരെ നന്നാകിയിട്ടില്ലെന്നാണോ പറയുന്നത്?

HON'BLE MR. K. R ELANKATH : ഈ പറഞ്ഞ ഒരു കേസിലും നന്നാക്കിയിട്ടില്ല.

MR. KANNARA GOPALA PANICKER : സർ, ഒരു പ്രായിൻറ് ആഫ് ആർഡർ. ചോദ്യം അയയ്ക്കുമ്പോൾ ഇന്ന ദിവസം ഉത്തരം പറയണമെന്നുകൂടി കാണിച്ചിരിക്കണമെന്ന വ്യവസ്ഥയുണ്ട്. അതിനു വിപരീതമായി ഇന്നേ ദിവസത്തേയ്ക്കു വച്ചിട്ടില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. K. R. ELANKATH : ഇന്നത്തേക്ക് ചോദ്യങ്ങൾ വച്ചിട്ടില്ലെങ്കിലും കൂടുതൽ ഉത്തരങ്ങൾ തയാറാക്കി ഇവിടെ പറയാമെന്നു വച്ചതു ഒരു കുറ്റമാണെന്നു തോന്നുന്നില്ല.

വടക്കൻ തിരുവിതാംകൂറിലെ ട്രാൻസ്പോർട്ട് ലൈസൻസുകൾ.

518. MR. S. KUTTAN: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

പുതിയ മന്ത്രിസഭ ഭരണം ഏറ്റതിനുശേഷം വടക്കൻ തിരുവിതാംകൂറിൽ എത്രയെല്ലാം ലൈസൻസുകൾ ട്രാൻസ്പോർട്ടിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്?

HON'BLE MR. K. R. ELANKATH : പുതുതായി ലൈസൻസുകൾ ഒന്നും ഗവണ്മെൻറ് ഏറ്റെടുത്തിട്ടില്ല.

MR. D. GNANASIGAMONI: What was the reason for that please?

HON'BLE MR. K. R. ELANKATH : അതിനു പ്രത്യേകിച്ചു കാരണമൊന്നുമില്ല.

MR. P. K. KRISHNAN SASTRI : വടക്കൻ തിരുവിതാംകൂറിലെ ലൈസൻസുകൾ ഗവണ്മെൻറ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ഗവണ്മെൻറ് കുത്തകയാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നതു് ആലപ്പുഴ—അരൂർ ലൈൻ മാത്രമാണ്. മറ്റുള്ള ലൈസൻസുകൾ ഒന്നും തൽക്കാലം ഏറ്റെടുക്കാൻ ആലോചനയില്ല.

വൈക്കം സബ്ഡിവിഷൻ ആഫീസ്.

519. MR. V. MADHAVAN : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ ആണ്ടിൽ പി. ഡബ്ളിയു. വകുപ്പിൽ പുതുതായി വൈക്കത്തു ഒരു സബ്ഡിവിഷൻ സ്ഥാപിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly